## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3526** **14.10.2011-ൽ മറുപടിക്ക്**

### കാസർകോഡ് നഗരസഭയുടെ മാലിന്യസംസ്കരണ പ്രശ്നങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എൻ.എ.നെല്ലിക്കുന്ന് | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി) |
| എ) കാസർകോഡ് നഗരസഭയുടെ മാലിന്യസംസ്കരണ പ്രവൃത്തി തടസ്സപ്പെട്ടിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതു സംബന്ധിച്ച് അന്വേഷണം നടത്തുകയും പരിഹാരം കാണാൻ ശ്രമിക്കുകയും ചെയ്തിട്ടുണ്ടോ ;<br><br>ബി) മാസങ്ങളോളം മാലിന്യനീക്കം അസാദ്ധ്യമായതിനാൽ നഗരവും നഗരവാസികളും ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) & ബി) കാസർകോട് നഗരസഭയുടെ അടുക്കത്ത്ബയൽ വില്ലേജിലെ റീസർവ്വേ 111/1ൽപ്പെട്ട കേളുഗുഡ്ഡെയിലെ ഏകദേശം 1.90 ഏക്കർ സ്ഥലം 1944 മുതൽ നഗരസഭാ പരിസരത്തെ ഖരമാലിന്യങ്ങൾ നിക്ഷേപിക്കുന്നതിന് ഉപയോഗിച്ചുവരികയാണ്. ഗ്രൗണ്ടിന് 10 അടി ഉയരത്തിൽ ചുറ്റുമതിൽ കെട്ടിയിട്ടുണ്ട്. നഗരത്തിലെ ആശുപത്രി മാലിന്യങ്ങൾ, മാംസാവശിഷ്ടങ്ങൾ തുടങ്ങിയവ ഈ സ്ഥലത്ത് നിക്ഷേപിക്കുന്നില്ല. ചവറിനു മുകളിൽ മണ്ണിട്ടു മൂടുന്ന രീതിയാണ് അവലംബിച്ചുവരുന്നത്. എന്നാൽ സമീപനിവാസികളുടെ എതിർപ്പിനെതുടർന്ന് 2011 ജൂൺ 15 മുതൽ പ്രസ്തുത സ്ഥലത്ത് മാലിന്യങ്ങൾ നിക്ഷേപിക്കുവാൻ സാധിക്കാതെ വന്നിരിക്കയാണ്.<br><br>ജില്ലാ കളക്ടർ പ്രശ്നപരിഹാരത്തിന് പലതവണ നാട്ടുകാരുടേയും രാഷ്ട്രീയ പാർട്ടികളുടേയും യോഗം വിളിച്ചുചേർത്തെങ്കിലും യാതൊരു തീരുമാനവും ഇതുവരെ ഉണ്ടായിട്ടില്ല. കുടിക്കിടക്കുന്ന മാലിന്യങ്ങൾ താത്ക്കാലികമായി |

നഗരസഭ വക വ്യവസായ
കേന്ദ്രത്തിനോടനുബന്ധിച്ച
സ്ഥലത്ത് കുഴിച്ചുമൂടുന്നതിന് ജില്ലാ
കളക്ടർ അനുമതി
നൽകിയതനുസരിച്ച്
ചെയ്തുവരികയാണ്.

സി) എങ്കിൽ മാലിന്യ നീക്കത്തിനു സർക്കാർ എന്ത് സഹായമാണു നഗരസഭക്കു നൽകിയതെന്ന് വ്യക്തമാക്കുമോ ;

സി) ഖരമാലിന്യ പ്ലാന്റ് സ്ഥാപിക്കുന്നതിന് നഗരസഭ മധൂർ പഞ്ചായത്തിൽ 5.46 ഏക്കർ സ്ഥലം വാങ്ങുകയും 2.5 കോടി രൂപയുടെ പ്രോജക്ട് തയ്യാറാക്കി ക്ലീൻ കേരളയുടെ അംഗീകാരം വാങ്ങുകയും 49 ലക്ഷം രൂപ സർക്കാരിൽ നിന്നും ലഭിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പരിസര വാസികളുടെയും പഞ്ചായത്തിന്റെയും എതിർപ്പു കാരണം പ്ലാന്റിന്റെ പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകുവാൻ സാധിച്ചിട്ടില്ല.

ഡി) കാസർകോഡ് നഗരത്തിലെ മാലിന്യം ഇപ്പോൾ എവിടെ എങ്ങനെയാണ് സംസ്കരിക്കുന്നത് ?

ഡി) കാസർകോട് ജില്ലയിൽ എലിപ്പനി, മഞ്ഞപ്പിത്തം മുതലായ പകർച്ചവ്യാധികൾ മൂലം ആളുകൾ മരണമടഞ്ഞ സാഹചര്യത്തിൽ ബഹു.ജില്ലാ കളക്ടർ മാലിന്യങ്ങൾ നിക്ഷേപിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കുന്നതിന് സെക്ഷൻ 144 സി.ആർ.പി.സി. പ്രഖ്യാപിക്കുകയും മാലിന്യങ്ങൾ ഉല്പാദിക്കുന്നവർതന്നെ സംസ്കരിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ നഗരത്തിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നില്ല.റോഡ് തൂത്തുവാരിയുള്ള മാലിന്യങ്ങൾ വിവിധ സ്ഥലങ്ങളിൽ കുഴിച്ചുമൂടുകയാണ് ചെയ്യുന്നത്.

സെക്ഷൻ ഓഫീസർ